പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1114 **15-10-2026-ൽ മറുപടിയ്ക്ക്**

ഇരിമ്പിളിയം – കൊട്ടുമുടി – തിരുവേഗപ്പുറ പാലം നിർമ്മാണം

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ

ശ്രീ. പി. കെ. ബഷീർ
(പൊതുമരാമത്ത് വകുപ്പ് മന്ത്രി)

(എ) മലപ്പുറം-പാലക്കാട് ജില്ലകളെ ബന്ധിപ്പിക്കുന്നതും തൂതപ്പുഴയ്ക്ക് കുറുകെയുള്ളതുമായ കോട്ടയ്ക്കൽ മണ്ഡലത്തിലെ ഇരിമ്പിളിയം–കൊട്ടുമുടി-തിരുവേഗപ്പുറപാലത്തിന് സമാന്തരമായി പുതിയപാലം നിർമ്മിക്കുന്ന പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ;

മറുപടി: ഇരുമ്പിളിയം-കൊട്ടുമുടി-തിരുവേഗപ്പുറ പാലത്തിന് സമാന്തരമായി പുതിയ പാലം നിർമ്മിക്കുന്നതിന് മുന്നോടിയായുള്ള ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പുരോഗമിക്കുകയാണ്. ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പൂർത്തിയാക്കി തയ്യാറാക്കുന്ന റിപ്പോർട്ട് ഡിസൈൻ വിഭാഗത്തിന് നൽകി, ഡിസൈൻ ലഭിച്ചതിനു ശേഷം എസ്റ്റിമേറ്റും ഭരണാനുമതി ശിപാർശയും തയ്യാറാക്കി പാലം നിർമ്മിക്കുന്ന പ്രവൃത്തിയുടെ തുടർനടപടി സ്വീകരിക്കുന്നതാണ്.

(ബി) പ്രസ്തുത പ്രവൃത്തിയുടെ ഇൻവെസ്റ്റിഗേഷൻ നടപടികൾ പൂർത്തിയായിട്ടുണ്ടോ; പ്രവൃത്തിയുടെ എസ്റ്റിമേറ്റും പ്രൊപ്പോസലും തയ്യാറാക്കുന്നത് ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ;

മറുപടി: മുൻ ഖണ്ഡികയിലെ ഉത്തരം

(സി) 2026-27 ലെ ബജറ്റ് മറുപടി പ്രസംഗത്തിൽ തിരുവേഗപ്പുറ പാലം നിർമ്മാണത്തിനായി അഞ്ച് കോടിരൂപ അനുവദിച്ചതിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ?

മറുപടി: മുൻ ഖണ്ഡികയിലെ ഉത്തരം

സെക്ഷൻ ഓഫീസർ